**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2183** **09-02-2023 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം ആയുർവേദ കോളേജ് ആശുപത്രിയിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം ആയുർവേദ കോളേജ് ആശുപത്രിയിൽ അനധികൃത നിയമനങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | പരാമർശ വിഷയങ്ങൾ സംബന്ധിച്ച് ഒരു പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ആശുപത്രി വികസന സമിതിയുടെ മിനുട്സിലെ തീരുമാനമനുസരിച്ച് അത്യാവശ്യ സന്ദർഭങ്ങളിൽ വികസന സമിതി മുഖാന്തിരം നിയമനം നടത്താവുന്നതാണെങ്കിലും ആളെ എടുക്കുന്നത് സംബന്ധിച്ച് പത്രപരസ്യം, ഇന്റർവ്യൂ, റാങ്ക് ലിസ്റ്റ് എന്നിവയടക്കം നിയമനത്തിനായി പാലിക്കേണ്ടതായ ഒരു തരത്തിലുമുള്ള നടപടിയും പാലിക്കാതെയാണ് സ്വന്തക്കാരെയും ഇഷ്ടക്കാരെയും ആശുപത്രിയിൽ അനധികൃതമായി നിയമിച്ചിരിക്കുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ അന്വേഷണം നടത്തുമോ; ഇത്തരത്തിൽ എത്ര പേരെ നിയമിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | പരാമർശ വിഷയങ്ങൾ സംബന്ധിച്ച് ഒരു പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | 125 വർഷമായി ആശുപത്രി ഒ.പി. വഴിയുള്ള കഷായ വിതരണം സർക്കാരനുമതിയില്ലാതെ സൂപ്രണ്ടിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഏകപക്ഷീയമായി നിർത്തലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പരാമർശ വിഷയങ്ങൾ സംബന്ധിച്ച് ഒരു പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ഒ.പി. യിൽ എത്തുന്ന രോഗികൾക്ക് സൗജന്യമായി ലഭ്യമാക്കേണ്ട മരുന്നുകൾ കുറിപ്പടിയിലുൾപ്പെടുത്താതെ സൂപ്രണ്ട് സെക്രട്ടറിയായിട്ടുള്ള സൊസൈറ്റി നടത്തുന്ന മെഡിക്കൽ സ്റ്റോറിൽ നിന്നും വാങ്ങിപ്പിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത രീതി അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഡി) | പരാമർശ വിഷയങ്ങൾ സംബന്ധിച്ച് ഒരു പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | സർക്കാർ ഫണ്ട് ഉപയോഗിച്ച് പാവപ്പെട്ട രോഗികളുടെ ചികിത്സക്കായി വാങ്ങിയ കണ്ണ് | (ഇ) | പരാമർശ വിഷയങ്ങൾ സംബന്ധിച്ച് ഒരു പരാതി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയിന്മേൽ |

| | | | |
|---|---|---|---|
| | പരിശോധനക്കുള്ള ഒപ്റ്റിക്കൽ കൊഹറൻസ് ടോമോഗ്രഫി (ഒ.സി.റ്റി.) മെഷീൻ അടക്കമുള്ള ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന് 1000 രൂപ മുതൽ ഫീസ് ഈടാക്കുന്നുണ്ടോ; എങ്കിൽ ആയത് അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | | തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ